**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1713** **11-10-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ അധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ പുതുതായി ആരംഭിച്ച കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ അധ്യാപകർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | 23.08.2022 ലെ G.O. (Ms) No. 404/2022/HEDN പ്രകാരം കമ്പ്യൂട്ടർ സയൻസ് & ഡിസൈൻ (കമ്പ്യൂട്ടർ സയൻസ് വിഭാഗം) കോഴ്സിന് 5 വർഷത്തേക്ക് തസ്തികകൾ അനുവദിക്കുകയില്ല എന്ന വ്യവസ്ഥയിലാണ് കോഴിക്കോട് സർക്കാർ എഞ്ചിനീയറിങ് കോളേജിൽ 2022-23 അക്കാദമിക വർഷത്തിൽ കോഴ്സ് അനുവദിച്ചിട്ടുള്ളത്. ടി വിഭാഗത്തിലേക്ക് തിരുവനന്തപുരം എഞ്ചിനീയറിങ് കോളേജ്, കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, തൃശ്ശൂർ സർക്കാർ എഞ്ചിനീയറിങ് കോളേജ് എന്നിവിടങ്ങളിലെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (MCA) ഡിപ്പാർട്ട്മെന്റുകളിലെ 3 അദ്ധ്യാപക തസ്തികകൾ (ഒരു അസോസിയേറ്റ് പ്രൊഫസറും 2 അസിസ്റ്റന്റ് പ്രൊഫസറും) സ്ഥിരമായി പുനർവിന്യസിപ്പിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത വിഭാഗത്തിൽ, മറ്റ് കോളേജുകളിൽ നിന്ന് താല്ക്കാലികമായി അധ്യാപകരെ പുനർവിന്യസിക്കുന്ന വിഷയം പരിഗണിക്കുമോയെന്ന് അറിയിക്കാമോ? | (ബി) | 23.08.2022 ലെ G.O. (Ms) No. 404/2022/HEDN പ്രകാരം കമ്പ്യൂട്ടർ സയൻസ് & ഡിസൈൻ (കമ്പ്യൂട്ടർ സയൻസ് വിഭാഗം) കോഴ്സിന് 5 വർഷത്തേക്ക് തസ്തികകൾ അനുവദിക്കുകയില്ല എന്ന വ്യവസ്ഥയിലാണ് കോഴിക്കോട് സർക്കാർ എഞ്ചിനീയറിങ് കോളേജിൽ 2022-23 അക്കാദമിക വർഷത്തിൽ കോഴ്സ് അനുവദിച്ചിട്ടുള്ളത്. ടി വിഭാഗത്തിലേക്ക് തിരുവനന്തപുരം എഞ്ചിനീയറിങ് കോളേജ്, കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, തൃശ്ശൂർ സർക്കാർ എഞ്ചിനീയറിങ് കോളേജ് എന്നിവിടങ്ങളിലെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (MCA) ഡിപ്പാർട്ട്മെന്റുകളിലെ 3 അദ്ധ്യാപക തസ്തികകൾ (ഒരു അസോസിയേറ്റ് പ്രൊഫസറും 2 അസിസ്റ്റന്റ് പ്രൊഫസറും) സ്ഥിരമായി പുനർവിന്യസിപ്പിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ